# പ്രതിരോധ സംഘങ്ങൾ ഒന്നിച്ചു നിൽക്കണം

നിശാന്ത് പരിയാരം

**1.** ഭൂരിപക്ഷത്തെ മാനിക്കാതെ ന്യൂനപക്ഷത്തെ മാത്രം പരിഗണിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് ഇന്ന് നടക്കുന്നത്. ഒരു സമൂഹത്തിലെ മുഴുവനാളുകൾക്കും ജീവിക്കാനാവശ്യമായ അടിസ്ഥാന ഘടകങ്ങൾ ലഭ്യമാക്കുന്ന ഒരു വ്യവസ്ഥയാണ് വികസനമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജീവിക്കാനുള്ള ഭൂമിയും വിഭവങ്ങളും തൊഴിൽ ചെയ്യാനും വിദ്യ അഭ്യസിക്കാനുമുള്ള സാഹചര്യങ്ങളുമുള്ള ജീവിതാവസ്ഥയാണ് വികസനം. പ്രഥമ പരിഗണന മനുഷ്യന് ഇടപെടാനുള്ള ഭൂമിക്കും മറ്റുവിഭവങ്ങൾക്കും ആയിരിക്കണം.

**2.** വികസന പ്രവർത്തനങ്ങൾക്കാവശ്യമായി വരുന്ന വിഭവങ്ങളെ പ്രതി ലോകത്താകമാനം സംഘർഷങ്ങൾ രൂപപ്പെട്ടുവരികയാണ്. സമ്പത്തുണ്ടാക്കുന്നവരുടെ വർധിക്കുന്ന ആവശ്യങ്ങളുടെ സാക്ഷാത്കാരത്തിലൂടെ നൂറുകണക്കിനാളുകളാണ് ദിനംപ്രതി ദരിദ്രരാകേണ്ടി വരുന്നത്. പണം കൈവശമുള്ളവർ മാത്രം പ്രകൃതിവിഭവങ്ങൾ ഉപയോഗിച്ചുവരുന്ന സാഹചര്യം ഇല്ലാതാക്കുക എന്നതാണ് പ്രധാനം. മുതലാളിത്തമാണ് അത്തരമൊരു സാഹചര്യം സൃഷ്ടിക്കുന്നത്. കൂടുതൽ പ്രകൃതിവിഭവങ്ങളെയും മനുഷ്യന്റെ അധ്വാനശക്തിയെയും കൊള്ളയടിക്കാനുള്ള കെട്ടുറപ്പുള്ള ഒരു വ്യവസ്ഥയാണ് മുതലാളിത്തം പണിതുവെച്ചിരിക്കുന്നത്. ന്യൂനപക്ഷങ്ങളുടെ അത്യാഗ്രഹങ്ങളെ ശമിപ്പിക്കുന്ന രീതിയിലുള്ള മറ്റൊരു വ്യവസ്ഥിതിയുണ്ടാവുകയാണ് വേണ്ടത്. അങ്ങനെ വന്നാൽ മാത്രമെ വിഭവ ദാരിദ്ര്യത്തിന്റേതായ പ്രതിസന്ധികൾ പരിഹരിക്കപ്പെടുകയുള്ളൂ.

**3.** യഥാർത്ഥത്തിലുള്ള വികസനം വിവക്ഷിക്കുന്നത് സാമൂഹികനീതിയും ലിംഗസമത്വവും നിലനിൽക്കുന്ന ഒരു സമൂഹത്തെയാണ്. എന്നാൽ മാത്രമേ സാമൂഹിക വിവേചനങ്ങൾ അവസാനിക്കൂ. തങ്ങൾക്കിഷ്ടപ്പെട്ട രീതിയിൽ ജീവിക്കാനും തൊഴിലെടുക്കാനുമുള്ള അവസരങ്ങൾ അത്തരമൊരു അവസ്ഥയിൽ ലഭ്യമാകും.

**5.** സംഘടിത മുന്നേറ്റങ്ങളിലൂടെ സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോ എന്നറിയില്ല. സംഘടിത മുന്നേറ്റങ്ങൾക്ക് എത്രമാത്രം സാധ്യത ശേഷിക്കുന്നു എന്നതുതന്നെ സംശയമാണ്. ഇത്തരം സംഘടിത പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട ഇടതുപക്ഷവും വളരെ ദുർബലമായ അവസ്ഥയിലാണ് ഇന്നുള്ളത്. ഈ സ്ഥിതിയിൽ നിന്നും ഇടതുപക്ഷപ്രസ്ഥാനങ്ങൾ അവയുടെ യഥാർത്ഥ സ്വത്വത്തിലേക്ക് തിരിച്ചുവന്നാൽ മാത്രമേ സംഘടിത മുന്നേറ്റങ്ങൾ ശക്തിപ്പെടുകയുള്ളൂ. വരേണ്യ വികസന മാതൃകകളെ ചോദ്യം ചെയ്യുന്നതിൽ സിവിൽസമൂഹവും പ്രതിരോധ പ്രസ്ഥാനങ്ങളും മുൻകൈയ്യെടുക്കുന്നുണ്ട്. ഇത്തരം ശ്രമങ്ങൾ ശക്തിപ്പെടുന്നതിനനുസരിച്ചായിരിക്കും വികസന മാതൃകകൾ തിരുത്തപ്പെടുന്നത്. വിവിധ ഭാഗങ്ങളിലായി നടന്നുകൊണ്ടിരിക്കുന്ന പ്രസ്ഥാനങ്ങൾ ഒരുമിച്ചു നിന്നുകൊണ്ടാണ് ഇത്തരം മാതൃകകളെ ചെറുക്കേണ്ടത്.

**(കീഴാറ്റൂർ നെൽവയൽ സംരക്ഷണ സമരപ്രവർത്തകൻ)**

# മാനുഷികത, ശാസ്ത്രീയത, സമത

ആദില കബീർ

**1.** വികസനമെന്നത് സാമ്പത്തിക വളർച്ചയുമായി മാത്രം ബന്ധപ്പെട്ട പദമല്ല. ഒരു പ്രദേശത്തെ മുഴുവനാളുകളുടെയും അടിസ്ഥാന ആവശ്യങ്ങൾ തുല്യമായി തൃപ്തിപ്പെടുത്തുന്ന പ്രക്രിയയാണ് വികസനം. ഇന്ന് എന്നതിനപ്പുറം കാണാൻ കഴിയുന്ന വീക്ഷണമാണ് വികസനത്തിന് വേണ്ടത്. പുനരുത്പാദിപ്പിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രം പ്രകൃതിവിഭവങ്ങൾക്ക് ബദലുകൾ കണ്ടെത്തുന്ന രീതി മാറ്റണം. മാനുഷികത, ശാസ്ത്രീയത, സമത എന്നിവയ്ക്ക് പ്രാധാന്യമുള്ള വികസന സങ്കൽപ്പമാണ് എന്റേത്.

**2.** അനിയന്ത്രിതമായി വർധിക്കുന്ന ജനസംഖ്യക്ക് അനുസൃതമായ പ്രകൃതി വിഭവങ്ങൾ നമുക്കില്ല. അതിരൂക്ഷമായ വിഭവ ദൗർലഭ്യത്തിലേക്ക് കേരളം എത്തിയിട്ടില്ലെങ്കിലും പരോക്ഷമായി നമ്മൾ പല പ്രതിസന്ധികളും അനുഭവിച്ചുതുടങ്ങിയിട്ടുണ്ട്. നിർമ്മാണ മേഖലയിൽ ചരലുകൾക്ക് പകരം ഇന്ന് എംസാന്റ് ഉപയോഗിക്കാൻ തുടങ്ങിയതോടെ പാറകളും കുന്നുകളും അമിതമായി ഖനനം ചെയ്യാൻ തുടങ്ങി. വിഭവങ്ങളെ എങ്ങിനെ, എത്രത്തോളം ഉപയോഗിക്കാം എന്നതിനെ സംബന്ധിക്കുന്ന ഒരു മാർഗ്ഗരേഖ നമുക്കില്ല. എല്ലാ വിഭവങ്ങളെയും ഉൽപ്പന്നങ്ങളാക്കി മാറ്റുമ്പോൾ സർവ്വ മേഖലകളിലും ദൗർലഭ്യമുണ്ടാകുന്നു.

**3.** വികസനം എന്ന യഥാർത്ഥ സങ്കൽപ്പത്തിൽ സാമൂഹ്യനീതിയും ലിംഗനീതിയും ഉൾച്ചേർക്കപ്പെട്ടിരുന്നു. എന്നാൽ സാങ്കേതികപരമായി എത്ര പുരോഗമിച്ചാലും സ്ത്രീകളുടെ ജോലി സമയവും ജോലിഭാരവും അധികരിക്കുകയാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ വേതനമില്ല. തൊഴിൽ മാനദണ്ഡങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. വികസനം അസമത്വം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

**4.** വികസിത കേരളത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് ഓരോ വ്യക്തികളിലും രൂപപ്പെടണം. സാമൂഹിക വികാസം വ്യക്തിതലത്തിൽ ഉണ്ടായാൽ മാത്രമെ കേരളവികസന മാതൃകക്ക് മൂല്യമുണ്ടാകൂ.

**5.** പ്രശ്നങ്ങൾ അവതരിപ്പിക്കുക എന്നതിനപ്പുറം വസ്തുതാപരമായി, ശാസ്ത്രീയാടിത്തറയോടെ പഠിക്കാനും പ്രതിരോധിക്കാനുമാണ് സിവിൽ സമൂഹവും പ്രതിരോധപ്രസ്ഥാനങ്ങളും ശ്രദ്ധിക്കേണ്ടത്. വിഭവപരിമിതി തിരിച്ചറിഞ്ഞ് ബദൽ വികസന മാതൃകകൾ മുന്നോട്ട് വെക്കാൻ കഴിയണം. പരിസ്ഥിതി എന്ന വിഷയം പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കണം. കർശനമായ നിയമനടപടികൾ സൃഷ്ടിച്ച് വിഭവങ്ങളുടെ അസന്തുലിത വിതരണം ക്രമപ്പെടുത്തണം.

**(വിദ്യാർത്ഥി, മലയാള സർവ്വകലാശാല, തിരൂർ)**